LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് വെസ്റ്റ് ഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് കെട്ടിട നിർമ്മാണം

158(1143) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെസ്റ്റ് ഹില്ലിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ എഞ്ചിനീയറിംഗ് കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ കുന്ദമംഗലം വില്ലേജ് പരിധിയിലെ പതിമംഗലത്ത് ഉദ്യോഗസ്ഥർ പരിശോധിച്ച് തൃപ്തി രേഖപ്പെടുത്തിയ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

&

(ബി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോഴിക്കോട് വെസ്റ്റ് ഹില്ലിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ എഞ്ചിനീയറിംഗ് കോളേജിന്റെ വികസനത്തിനായി കണ്ടെത്തിയ കക്കോടി വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിൽപ്പെട്ട 12.223 ഹെക്ടർ ഭൂമിയിലെ 8.7913 ഹെക്ടർ സ്ഥലം തണ്ണീർത്തട വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ പ്രസ്തുത ഭൂമി കോളേജ് നിർമ്മാണത്തിന് അനുയോജ്യമല്ലായെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ കുന്ദമംഗലം വില്ലേജിൽ റീ സർവ്വേ നമ്പർ 401/1 എ 2 പട്ടികയിൽപ്പെട്ട 50 ഏക്കർ ഭൂമി ഏറ്റെടുക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം

159(1144) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം വിലയിരുത്തുന്നതിനായി നടത്തിയ അക്കാദമിക ആഡിറ്റിന്റെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

എഞ്ചിനീയറിംഗ് കോളേജുകളുടെ അക്കാദമിക നിലവാരം വിലയിരുത്താനായി നടത്തുന്ന അക്കാദമിക ആഡിറ്റിന്റെ പ്രധാന കണ്ടെത്തലുകൾ താഴെ പറയും പ്രകാരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയുള്ള ക്ലാസ്/കോഴ്സ് കമ്മിറ്റികൾ വിദ്യാർത്ഥികളുടെ പഠന ആവശ്യങ്ങൾ വിലയിരുത്തുന്നതിൽ സഹായകരമാണ്. ഓരോ സെമെസ്റ്ററിലും വിദ്യാർത്ഥികളിൽനിന്നും എടുക്കുന്ന ഫീഡ്ബാക്ക് പഠനപരിപാടികൾ ഏറെ കാര്യക്ഷമമാക്കുന്നതിന് സഹായകരമാണ്. കോളേജുകളിൽ Internal Quality Assurance Cell രൂപീകരിച്ചത് ആഡിറ്റ് ഏകോപിപ്പിക്കുന്നതിന് സഹായിക്കുന്നു. പഠന വിഷയങ്ങൾ പൂർത്തീകരിക്കുന്നതിൽ പൂർണ്ണത കൈവരിക്കുന്നതിനും ആഡിറ്റിംഗ് നടത്തുന്നതുമൂലം സാധിക്കുന്നു. പരീക്ഷകളും മറ്റ് വിലയിരുത്തലുകളും സമയാധിഷ്ഠിതമായി പൂർത്തീകരിക്കുന്നതിനും അത് വിദ്യാർത്ഥികളെ അറിയിക്കുന്നതിനും അതുവഴി അവരുടെ പഠന നിലവാരത്തെ മെച്ചപ്പെടുത്തുന്നതിനും സഹായിച്ചിട്ടുണ്ട്. നൂതനമായ സാങ്കേതികവിദ്യകൾ അദ്ധ്യാപനത്തിലും പഠനത്തിലും ഉപയോഗിക്കാൻ ഏറെ സഹായിക്കുന്നു. വിദ്യാർത്ഥികളുടെ മാനസികാരോഗ്യം നിലനിർത്തുന്നതിനാവശ്യമായ പരിപാടികൾ ചിട്ടപ്പെടുത്തുന്നതിന് സഹായിക്കുന്നു. വിദ്യാർത്ഥികളുടെ പ്രൊഫഷണൽ മികവുകൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ മറ്റ് പരിശീലന പരിപാടികൾ കണ്ടെത്തുന്നതിനും നടപ്പിലാക്കുന്നതിനും ആഡിറ്റ് സഹായകരമായിട്ടുണ്ട്.

കുറ്റിപ്പുറത്ത് പോളിടെക്നിക്ക് ആരംഭിക്കാൻ നടപടി

160(1145) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ പരിസരം കേന്ദ്രീകരിച്ച് പോളിടെക്നിക്ക് കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കുമോ;

&

(സി) പ്രസ്തുത പോളിടെക്നിക്ക് ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കോട്ടയ്ക്കൽ മണ്ഡലത്തിൽ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ പരിസരം കേന്ദ്രീകരിച്ച് പുതിയ പോളിടെക്നിക്ക് ആരംഭിക്കണമെന്നുള്ള അപേക്ഷ ലഭിച്ചതിനെത്തുടർന്ന് പെരിന്തൽമണ്ണ സർക്കാർ പോളിടെക്നിക്ക് കോളേജ്